125 (649) ആധുനിക അച്ചടി വിഭാഗത്തിലെ ജീവനക്കാർക്ക് പ്രൊമോഷൻ

ശ്രീ. ഇ.എം. അഗസ്തി :

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളിൽ ആധുനിക അച്ചടി വിഭാഗത്തിലെ ജീവനക്കാർക്ക് പ്രൊമോഷൻ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് പ്രസ്സിൽ ലെറ്റർ പ്രസ്സ് അച്ചടി വിഭാഗത്തിൽ നിന്നുള്ളവർക്ക് മാത്രമായി പ്രൊമോഷൻ ക്ളിപ്തപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) ഈ ന്യൂനത പരിഹരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഓഫ്സെറ്റ് വിഭാഗത്തിൽ നിന്നുള്ള ജീവനക്കാർക്ക് കൂടി പ്രൊമോഷൻ ലഭിക്കത്തക്ക വിധം ഗവൺമെന്റ് പ്രസ്സ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വർഷങ്ങളായി പ്രൊമോഷൻ യോഗ്യതയുള്ള ഓഫ്സെറ്റ് സൂപ്പർവൈസർക്കും റീപ്രൊഡക്ഷൻ സൂപ്പർവൈസർക്കും പ്രൊമോഷൻ നൽകാനാവാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആധുനിക അച്ചടി സൗകര്യമുള്ള ഗവൺമെന്റ് പ്രസ്സുകളിൽ ഓഫ് സെറ്റ് സൂപ്പർ വൈസർ, റീപ്രൊഡക്ഷൻ സൂപ്പർ വൈസർ ഗ്രെയിനർ തസ്തികളിൽ ജോലി ചെയ്യുന്ന ജീവനക്കാരന് പ്രൊമോഷൻ തസ്തിക നിലവിലില്ല. എന്നാൽ ഇവർക്ക് സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നതിന് തടസ്സമില്ല.

(ബി) ലെറ്റർ പ്രസ്സ് വിഭാഗത്തിലെ സൂപ്പർവൈസറി തസ്തികകളായ അസി.ഫോർമാൻ, ജൂനിയർ ഫോർമാൻ, സീനിയർ ഫോർമാൻ എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകുമ്പോൾ ഓഫ്സെറ്റ് ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ ലെറ്റർ പ്രസ്സ് വിഭാഗത്തിലെ സീനിയോറിറ്റി സ്ഥാനക്കയറ്റത്തിന് പരിഗണിച്ചു വരുന്നു.

(സി)&(ഡി) ഓഫ് സെറ്റ് വിഭാഗത്തിൽ നിന്നുള്ള ജീവനക്കാർക്ക് കൂടി പ്രൊമോഷൻ ലഭിക്കത്തക്കവണ്ണം അച്ചടി വകുപ്പിൽ ഇപ്പോൾ നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ന്യൂനത പരിഹരിക്കാൻ കഴിയുകയുള്ളു.സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ വകുപ്പു തലത്തിൽ പരിശോധിച്ചു വരുന്നു.

(ഇ) ഓഫ്സെറ്റ് സൂപ്പർവൈസർ, റീ പ്രൊഡക്ഷൻ സൂപ്പർ വൈസർ എന്നീ തസ്തികകളിൽ ഇപ്പോൾ ജോലി ചെയ്യുന്നവർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly